# കേരള സർവകലാശാല

നം: പി.ആർ.91/2008 ഫോൺ: 2305738

## പത്രക്കുറിപ്പ്

### ബി.കോം. പരീക്ഷാകേന്ദ്രത്തിൽ മാറ്റം

കേരള സർവകലാശാല 2008 മേയ് രണ്ടുമുതൽ ആരംഭിക്കുന്ന ഒന്നാംവർഷ ബി.കോം. പരീക്ഷയ്ക്ക് തിരുവനന്തപുരം ഗവ. സംസ്കൃത കോളേജ് ആവശ്യപ്പെട്ട വിദ്യാർത്ഥികളിൽ രജി.നം. 148060 മുതൽ 148130 വരെയുള്ളവർ തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളേജിൽ നിന്നും ഹാൾടിക്കറ്റ് വാങ്ങി അവിടെ പരീക്ഷയെഴുതണം. രജി.നം. 120201 മുതൽ 120273 വരെയുള്ള പെൺകുട്ടികൾ കരമന എൻ.എസ്.എസ്. കോളേജിൽ നിന്നും ഹാൾടിക്കറ്റ് വാങ്ങി അവിടെ പരീക്ഷയെഴുതണം. ചവറ ഗവ. കോളേജ് ആവശ്യപ്പെട്ട രജി. നം. 129220 മുതൽ 129351 വരെയുള്ള വിദ്യാർത്ഥികൾ അവിടെനിന്നും ഹാൾടിക്കറ്റ് വാങ്ങി കൊല്ലം എസ്.എൻ. കോളേജിൽ പരീക്ഷയെഴുതണം. നഗരൂർ ശ്രീ വിദ്യാധിരാജ കോളേജ് ആവശ്യപ്പെട്ട വിദ്യാർത്ഥികൾ നിലമേൽ എൻ.എസ്.എസ്. കോളേജിൽ നിന്നും ഹാൾടിക്കറ്റ് വാങ്ങി അവിടെ പരീക്ഷയെഴുതണം.

### *റഷ്യൻ സർട്ടിഫിക്കറ്റ്, ഡിപ്ലോമ കോഴ്സുകൾ*

കേരള സർവകലാശാല റഷ്യൻ വകുപ്പ് 2008-ലെ സർട്ടിഫിക്കറ്റ്, ഡിപ്ലോമ, ഇന്റഗ്രേറ്റഡ് ഡിപ്ലോമ (രാവിലെയും വൈകുന്നേരവും രണ്ടു വ്യത്യസ്ത ബാച്ചുകൾ ഉണ്ടായിരിക്കും) എം.എ. (പാർട്ട്ടൈം-ത്രിവത്സരം) എന്നീ കോഴ്സുകളിൽ പ്രവേശനത്തിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷിക്കാനുള്ള വിദ്യാഭ്യാസ യോഗ്യത: 1) റഷ്യൻ സർട്ടിഫിക്കറ്റ് - പ്രിഡിഗ്രി / പ്ലസ് ടു അല്ലെങ്കിൽ തത്തുല്യ യോഗ്യത. 2) റഷ്യൻ ഡിപ്ലോമ--റഷ്യൻ സർട്ടിഫിക്കറ്റും പ്രിഡിഗ്രി അല്ലെങ്കിൽ തത്തുല്യയോഗ്യതയും അല്ലെങ്കിൽ റഷ്യൻ ഉപഭാഷയോടെ പ്രിഡിഗ്രി / പ്ലസ് ടു. 3) ഇന്റഗ്രേറ്റഡ് റഷ്യൻ ഡിപ്ലോമ--പ്രിഡിഗ്രി / പ്ലസ് ടു / തത്തുല്യയോഗ്യത 4) എം.എ. (പാർട്ട്ടൈം-ത്രിവത്സരം)--അംഗീകൃത സർവകലാശാല ബിരുദവും, റഷ്യൻ ഡിപ്ലോമ, റഷ്യൻ ഇന്റഗ്രേറ്റഡ് ഡിപ്ലോമ അല്ലെങ്കിൽ സെക്കന്റ് ലാംഗ്വേജ് റഷ്യനിൽ അംഗീകൃത ബി.എ. / ബി.എസ്സി. ബിരുദം. അപേക്ഷ ഫോറം സെനറ്റ് ഹൗസ് ക്യാമ്പസിലെ റഷ്യൻ വകുപ്പിൽ നിന്ന് ലഭിക്കും. പൂരിപ്പിച്ച അപേക്ഷ രാവിലെയുള്ള ബാച്ചിന് മേയ് 15 വരെയും സായാഹ്ന ബാച്ചിന് മേയ് 28 വരെയും സ്വീകരിക്കും. അപേക്ഷിക്കേണ്ട വിലാസം: ഹെഡ് ഓഫ് ദ ഡിപ്പാർട്ട്മെന്റ്, ഡിപ്പാർട്ട്മെന്റ് ഓഫ് റഷ്യൻ, യൂണിവേഴ്സിറ്റി ഓഫ് കേരള, തിരുവനന്തപുരം-695034. ഫോൺ: 0471-2306422, 2301513, Ext. 321.

## റിസർച്ച് ഫെല്ലോഷിപ്പ് : അപേക്ഷകൾ ജൂൺ 30 വരെ

ഫുൾടൈം റിസർച്ച് സ്കോളേഴ്സിൽ നിന്നും കേരള സർവകലാശാല സീനിയർ റിസർച്ച് ഫെല്ലോഷിപ്പ്,പോസ്റ്റ് ഡോക്ടറൽ ഫെല്ലോഷിപ്പ് എന്നിവയ്ക്ക് അപേക്ഷ ക്ഷണിച്ചു. അപേക്ഷാഫോറം യൂണിവേഴ്സിറ്റി ഓഫീസിൽ നിന്നും ലഭിക്കും. പൂരിപ്പിച്ച അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി ജൂൺ 30. കൂടുതൽ വിവരങ്ങൾ സർവകലാശാല അക്കാഡമിക് ഇ-1 സെക്ഷനിൽ നിന്നും ലഭിക്കും. ഫോൺ: 0471-2306433, 2301513-Extn.426.

## സോഫ്റ്റ് വെയർ പ്രകാശനം

കേരള സർവകലാശാല ബയോഇൻഫർമാറ്റിക്സ് കേന്ദ്രം വികസിപ്പിച്ച 'സി-ഗ്രെക്സ്' എന്ന ബയോഇൻഫർമാറ്റിക്സ് സോഫ്റ്റ്വെയർ പൂനെയിലെ സി-ഡാക്കിൽ നടക്കുന്ന ചടങ്ങിൽ കേന്ദ്ര ഐ.റ്റി. സെക്രട്ടറി ശ്രീ ജെയ്ന്തർ സിങ് പ്രകാശനം ചെയ്യും. ഡി.എൻ.എ, പ്രോട്ടീൻ തന്മാത്രകളുടെ ചിഹ്ന ശ്രേണികളെ ആയിരത്തിലധികം നൂതന ദൃശ്യാവിഷ്കാരങ്ങളിലൂടെ അപഗ്രഥിക്കുവാൻ സഹായിക്കുന്ന സോഫ്റ്റ് വെയർ ആണ് 'സി-ഗ്രെക്സ്'. കേന്ദ്ര-ഗവൺമെന്റിന്റെ ഐ.റ്റി. വകുപ്പിന്റെ ധനസഹായത്തോടെയാണ് ഈ സ്വതന്ത്ര സോഫ്റ്റ്വെയർ വികസിപ്പിച്ചത്. സി-ഡാക്ക് വിന്യസിപ്പിക്കുന്ന ഗരുഡ കമ്പ്യൂട്ടർ ഗ്രിഡ്ഡിലൂടെ സി-ഗ്രെക്സ് ലഭ്യമാക്കും. ഈ മാസം 29-ന് നടക്കുന്ന പ്രകാശന പരിപാടിയിൽ സി-ഗ്രെക്സിനെക്കുറിച്ച് ബയോ ഇൻഫർമാറ്റിക്സ് കേന്ദ്രം ഓണററി ഡയറക്ടർ ഡോ. അച്യുത്ശങ്കർ എസ്. നായർ പ്രഭാഷണം നടത്തും.

## റഷ്യൻ ഫലം

കേരള സർവകലാശാല 2008 ഫെബ്രുവരിയിൽ നടത്തിയ ഡിപ്ലോമ ഇൻ റഷ്യൻ, ഇന്റഗ്രേറ്റഡ് ഡിപ്ലോമ ഇൻ റഷ്യൻ പരീക്ഷകളുടെ ഫലം പ്രസിദ്ധപ്പെടുത്തി.

**സർവകലാശാല മന്ദിരം**
**തിരുവനന്തപുരം** **എസ്.ഡി. പ്രിൻസ്**
26--04--2008 **പബ്ലിക് റിലേഷൻസ് ഓഫീസർ**

**അംഗീകാരത്തോടെ**

**സെക്ഷൻ ഓഫീസർ**

---

e-**mail:** **keralauniversity@vsnl.com** **website:** **www.keralauniversity.edu**